**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1661 — 01.11.2019 ൽ മറുപടിക്ക്.

## സ്നേഹിത @ സ്കൂൾ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) 'സ്നേഹിത @ സ്കൂൾ 'പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് നിലവിൽ 14 ജില്ലകളിലും ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയുടെ സേവനം സ്കൂളുകളിലേക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സ്നേഹിത @ സ്കൂൾ. തിരുവനന്തപുരം ജില്ലയിലാണ് ആദ്യമായി ഈ പദ്ധതി നടപ്പിലാക്കിയത്. 2019-20 സാമ്പത്തിക വർഷത്തിൽ 14 ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ/തീരദേശ/ട്രൈബൽ തുടങ്ങിയ പിന്നോക്കം നിൽക്കുന്ന മേഖലകളിലെ സ്കൂളുകളെയാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ഓരോ ജില്ലയിലും കുറഞ്ഞത് 5 സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 104 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമെന്നും വിശദമാക്കാമോ; | (ബി) സമൂഹത്തിൽ ഇന്ന് കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് കൗൺസിലിംഗിലൂടെ മാനസിക പിന്തുണ നല്കുക, പ്രശ്നങ്ങളേയും മാനസിക സംഘർഷങ്ങളെയും അതിജീവിക്കാനുള്ള കഴിവ് സ്വയം ആർജ്ജിക്കുവാൻ പ്രപ്തരാക്കുക എന്നിവയിലൂടെ ജീവിതവിജയം നേടാനും പഠനം കൂടുതൽ ആകർഷകമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് സ്കൂൾ അധികൃതരുടെ പിന്തുണയോടെ സ്നേഹിത വിദ്യാർത്ഥികൾക്കായി ലഭ്യമാക്കുന്നത്. തിരഞ്ഞെടുത്ത സ്കൂളുകളിൽ എല്ലാ മാസവും സ്നേഹിതാ കൗൺസിലർമാർ സന്ദർശനം നടത്തുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു വരുന്നു. ഇതു കൂടാതെ അധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും പ്രത്യേകമായി ക്ലാസുകൾ സംഘടിപ്പിക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് പ്രസ്തുത സേവനവും നൽകിവരുന്നു. |
| (സി) വിദ്യാലയങ്ങളും കുടുംബശ്രീയും കൈകോർത്തുകൊണ്ടുള്ള മറ്റു പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) വിദ്യാലയങ്ങളും കുടുംബശ്രീയും ചേർന്ന്കൊണ്ട് മറ്റു പരിപാടികളൊന്നും നിലവിൽ നടപ്പിലാക്കിവരുന്നില്ല. |

സെക്ഷൻ ഓഫീസർ